tnkalvi.online

No. of Printed Pages : **12**

6029

A

റെജിസ്റ്റർ നംബർ
Register Number

PART - III

ജീവശാസ്ത്രം / BIOLOGY

(മലയാളം, ഇംഗ്ലീഷ് ഭാഷാന്തരണം / Malayalam & English Version)

സമയപരിധി : 3.00 മണിക്കൂർ] [പരമാവധി മാർക്ക് : 70
Time Allowed : 3.00 Hours] [Maximum Marks : 70

നിർദ്ദേശങ്ങൾ : (1) ചോദ്യക്കടലാസ്സിലെ അച്ചടിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക. എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ഹോൾ സൂപ്പർവൈസറുമായി ബന്ധപ്പെടുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

Instructions : (1) Check the question paper for fairness of printing. If there is any lack of fairness, inform the Hall Supervisor immediately.

(2) Use **Blue** or **Black** ink to write and underline and pencil to draw diagrams.

കുറിപ്പ് : വിദ്യാർത്ഥികൾ **ഭാഗം-I** (ജീവ-സസ്യശാസ്ത്രവും), **ഭാഗം-II** (ജീവ-ജന്തുശാസ്ത്രവും), പ്രത്യേകം പ്രത്യേകം ഉത്തര-ബുക്കുകളിൽ എഴുതേണ്ടതാണ്.

Note : Candidate should answer **Part-I** (Bio-Botany) & **Part-II** (Bio-Zoology) in separate answer-books.

ഭാഗം - I (ജീവ-സസ്യശാസ്ത്രം) / PART - I (BIO-BOTANY)

(മാർക്ക് : 35)/(Marks : 35)

വിഭാഗം - 1/SECTION - 1

കുറിപ്പു : (i) **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **8x1=8**

(ii) തന്നിരിക്കുന്ന **നാല്** ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ശരിയുത്തരവും ഓപ്ഷൻ കോഡും എഴുതുക.

Note : (i) Answer **all** the questions.

(ii) Choose the most appropriate answer from the given **four** alternatives and write the option code and the corresponding answer.

[മറുപുറം / Turn over

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

1. കോശസ്തരങ്ങൾക്ക് ദ്രാവക മൊസൈക് ഘടനയാണെന്ന കാര്യം പരിഗണിച്ചുകൊണ്ട്, താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് ലിപിഡുകളുടെയും പ്രോട്ടീനുകളുടെയും ഒരു ലിപിഡ് മോണോ ലയറിൽ നിന്നും മറ്റൊന്നിലേക്കുള്ള സഞ്ചാരവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന :

(a) ലിപിഡുകൾക്ക് വിരളമായി മാത്രം ഫ്ലിപ്-ഫ്ലോപ് ചെയ്യാൻ കഴിയുമ്പോൾ പ്രോട്ടീനുകൾക്ക് അതിനു സാധ്യമല്ല.

(b) ലിപിഡിനോ പ്രോട്ടീനോ ഫ്ലിപ്-ഫ്ലോപ് ചെയ്യാനാകില്ല.

(c) പ്രോട്ടീനുകൾക്ക് ഫ്ലിപ്-ഫ്ലോപ് ചെയ്യാൻ കഴിയുമ്പോൾ ലിപിഡുകൾക്ക് അതിനു കഴിയില്ല.

(d) ലിപിഡിനും പ്രോട്ടീനും ഫ്ലിപ്-ഫ്ലോപ് ചെയ്യാൻ സാധിക്കും

Keeping in view the fluid mosaic model for the structure of cell membrane, which one of the following statements is correct with respect to the movement of lipids and proteins from one lipid monolayer to the other ?

(a) While lipids can rarely flip-flop, proteins cannot.

(b) Neither lipid nor proteins can flip-flop.

(c) While proteins can flip-flop, lipids cannot.

(d) Both lipid and proteins can flip-flop.

2. മണ്ണിലെ നൈട്രേറ്റുകൾ അന്തരീക്ഷത്തിലെ നൈട്രജൻ ആയി പരിവർത്തനം ചെയ്യപ്പെടുന്ന പ്രക്രിയ _____ എന്ന് അറിയപ്പെടുന്നു.

(a) ഡീനൈട്രിഫിക്കേഷൻ (b) അമോണിഫിക്കേഷൻ

(c) നൈട്രേറ്റ് അസ്സിമിലേഷൻ (d) നൈട്രിഫിക്കേഷൻ

Nitrates in the soil are converted back into atmospheric nitrogen by a process called _____.

(a) Denitrification (b) Ammonification

(c) Nitrate assimilation (d) Nitrification

3. ആർക്കിബാക്ടീരിയം ഏതെന്ന് തിരിച്ചറിയുക.

(a) ട്രെപോനെമ (b) അസെറ്റോബാക്ടർ

(c) മെത്തനോബാക്ടീരിയം (d) എർവിനിയ

Identify the Archaebacterium.

(a) Treponema (b) Acetobacter

(c) Methanobacterium (d) Erwinia

A

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

4. ഒരു സസ്യത്തിന് എല്ലാ ധാതു പോഷകങ്ങളും നൽകുകയും Mn സാന്ദ്രത വർദ്ധിപ്പിക്കുകയും ചെയ്താൽ എന്തിന്റെ കുറവായിരിക്കും അനുഭവപ്പെടുക ?

(a) Ca യുടെ ആഗിരണം മാത്രം വർദ്ധിപ്പിക്കും.

(b) Mn, Fe, Mg എന്നിവയുടെ ആഗിരണം തടയും എന്നാൽ Ca യുടേത് തടയില്ല.

(c) Fe, Mg, Ca എന്നിവയുടെ ആഗിരണം തടയും

(d) Mn, Fe, Mg, Ca എന്നിവയുടേതെല്ലാം ആഗിരണം വർദ്ധിപ്പിക്കും.

If a plant is provided with all mineral nutrients but, Mn concentration is increased, what will be the deficiency ?

(a) Only increases the uptake of Ca.

(b) Mn prevents the uptake of Fe, Mg but not Ca.

(c) Prevents the uptake of Fe, Mg and Ca.

(d) Mn increases the uptake of Fe, Mg and Ca.

5. അമിനോ ആസിഡ് ഒരേസമയം ഒരു അമ്ലവും ഒരു ക്ഷാരവുമാണ്. അതുകൊണ്ട് അതിനെ _____ എന്നു വിളിക്കുന്നു.

(a) ന്യൂക്ലിയോടൈഡ് (b) പോളിപെപ്ടൈഡ്

(c) ആംഫോടെറിക് (d) ഡൈപെപ്ടൈഡ്

Amino acid is both an acid and a base and hence it is called as _____.

(a) Nucleotide (b) Polypeptide

(c) Amphoteric (d) Dipeptide

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

6. കോശ ചക്രത്തിന്റെ G_1 ഘട്ടത്തിൽ മാത്രമായി മയോട്ടിക് വിഭജനം പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ അവസ്ഥ അറിയപ്പെടുന്നത് _____.

(a) M ഘട്ടം (b) S ഘട്ടം (c) G_0 ഘട്ടം (d) G_2 ഘട്ടം

If mitotic division is restricted in G_1 phase of the cell cycle then the condition is known as _____.

(a) M phase (b) S phase (c) G_0 phase (d) G_2 phase

7. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിഗണിച്ച് ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക.

വസന്തകാലത്ത് വാസ്കുലാർ കേംബിയം

(i) കുറച്ചുമാത്രം സജീവമായിരിക്കും.

(ii) ധാരാളം സൈലറി എലമെന്റുകൾ ഉദ്പാദിപ്പിക്കും.

(iii) വീതിയേറിയ അറകളോടുകൂടിയ നാളികൾ രൂപീകരിക്കും.

(a) (i) ഉം (ii) ഉം മാത്രം (b) (i) മാത്രം

(c) (iii) മാത്രം (d) (ii) ഉം (iii) ഉം മാത്രം

Consider the following statements and select the correct option.

In spring season Vascular Cambium

(i) is less active.

(ii) produces a large number of xylary elements.

(iii) forms vessels with wide cavities.

(a) (i) and (ii) only (b) Only (i)


(c) Only (iii) (d) (ii) and (iii) only

A

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

8. തന്നിരിക്കുന്ന ചിത്രം പരിശോധിച്ച് താഴെ തന്നിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.



(i) A, B, C എന്നിവ ഷൂട്ട് അപെക്സിന്റെ ഹിസ്റ്റോജൻ തിയറിയാണ്.

(ii) A യാണ് മേഡുലറി റേയ്സിന് ജന്മം നൽകുന്നത്

(iii) B കോർടെക്സിന് രൂപം നൽകുന്നു

(iv) C എപിഡെർമിസിന് ജന്മം നൽകുന്നു.

(a) (i) ഉം (iii) ഉം മാത്രം (b) (i) ഉം (ii) ഉം മാത്രം

(c) (iii) ഉം (iv) ഉം മാത്രം (d) (ii) ഉം (iii) ഉം മാത്രം

Refer to the given figure and select the correct statement.



(i) A, B and C are histogen theory of shoot apex.

(ii) A gives rise to medullary rays.

(iii) B gives rise to cortex.

(iv) C gives rise to epidermis.

(a) (i) and (iii) only (b) (i) and (ii) only

(c) (iii) and (iv) only (d) (ii) and (iii) only

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

വിഭാഗം - 2 / SECTION - 2

കുറിപ്പ് : ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **4x2=8**

Note : Answer **any four** questions.

9. വിറിയോൺ എന്നാലെന്ത് ?
What is Virion ?

10. കാണ്ഡത്തിന്റെ ഏതെങ്കിലും രണ്ട് പ്രാഥമിക ധർമ്മങ്ങൾ പട്ടികപ്പെടുത്തുക.
List out any two primary functions of stem.

11. ഓപ്പൺ വാസ്കുലാർ ബണ്ടിലിന്റെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക.
Draw a neat labelled diagram of open vascular bundle.

12. സെൻട്രോമിയറിന്റെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കപ്പെട്ട ക്രോമസോം ഇനങ്ങളുടെ പേരുകൾ എഴുതുക.
Name the types of chromosomes classified based on the position of centromere.

13. ജല പൊട്ടെൻഷ്യൽ നിയന്ത്രിക്കുന്ന പരാമീറ്ററുകൾ എന്തെല്ലാം ?
What are the parameters which control water potential ?

14. അപ്പിക്കൽ ഡോമിനൻസ് എന്നാലെന്ത് ?
What is Apical dominance ?

വിഭാഗം - 3 / SECTION - 3

കുറിപ്പ് : ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ചോദ്യം നമ്പർ **19** ന് **നിർബന്ധമായും** ഉത്തരമെഴുതണം. **3x3=9**

Note : Answer **any three** questions. Question No. **19** is **Compulsory**.

15. മൈക്കോറൈസയുടെ പ്രാധാന്യം എഴുതുക.
Write the importance of Mycorrhizae.

16. ഏതെല്ലാമാണ് മൂന്ന് തരത്തിലുള്ള ടാക്സോണമിക് വർഗ്ഗീകരണങ്ങൾ ?
What are the three types of Taxonomic classification ?

A

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

17. എപ്പിഡെർമൽ കലകളുടെ ഏതെങ്കിലും മൂന്ന് ധർമ്മങ്ങൾ പട്ടികപ്പെടുത്തുക.
List out any three functions of Epidermal Tissue System.

18. സാപ് വുഡ് (വെള്ള), ഹാർട്ട് വുഡ് (കാതൽ) എന്നിവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.
Write the differences between Sap wood and Heart wood.

19. വ്യത്തിയുള്ള ഒരു ചിത്രത്തിന്റെ സഹായത്തോടെ സിയാന്തിയം പൂങ്കുല വിശദീകരിക്കുക.
Describe Cyathium inflorescence with neat diagram.

വിഭാഗം - 4 / SECTION - 4

കുറിപ്പ് : **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **2x5=10**
Note : Answer **all** the questions.

20. (a) സൈറ്റോകിനിന്റെ ശരീരശാസ്ത്രപരമായ സ്വാധീനങ്ങൾ എഴുതുക.

അല്ലെങ്കിൽ

(b) ഗ്ലൈക്കോലിസിസിന്റെ രേഖാചിത്രം വരയ്ക്കുക.

(a) Write the Physiological effects of Cytokinins.

OR

(b) Write the schematic representation of Glycolysis.

21. (a) ഒരു സസ്യത്തിന്റെ അതിസൂക്ഷ്മ ഘടന വരച്ച് അതിന്റെ ഭാഗങ്ങൾ അടയാളപ്പെടുത്തുക.

അല്ലെങ്കിൽ

(b) ആൽഗെയിലെ ക്ലോറോപ്ലാസ്റ്റിന്റെ ആകൃതി അനന്യസാധാരണമായതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.

(a) Draw the ultrastructure of a plant cell and explain its parts.

OR

(b) Do you think shape of chloroplast is unique for algae. Justify your answer.

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

ഭാഗം - II (ജീവ-ജന്തുശാസ്ത്രം) / PART - II (BIO-ZOOLOGY)

(മാർക്ക് : 35) / (Marks : 35)

വിഭാഗം - 1 / SECTION - 1

കുറിപ്പ് : (i) **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക. **8x1=8**

(ii) തന്നിരിക്കുന്ന **നാല്** ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തരവും ഓപ്ഷൻ കോഡും എഴുതുക.

Note : (i) Answer **all** the questions.

(ii) Choose the most appropriate answer from the given **four** alternatives and write the option code and the corresponding answer.

1. ചെവിയിലെ ഏത് ഭാഗമാണ് മർദ്ദ തരംഗങ്ങളെ ആക്ഷൻ പൊട്ടെൻഷ്യലുകളാക്കി മാറ്റുന്നത് ?

(a) ഓവൽ വിൻഡോ (b) ടിമ്പാനിക് സ്തരം

(c) സെമിസർക്കുലാർ കനാൽ (d) ഓർഗൻ ഓഫ് കോർട്ടി

Which structure in the ear converts pressure waves to action potentials ?

(a) Oval window (b) Tympanic membrane

(c) Semicircular canal (d) Organ of Corti

2. താഴെ പറയുന്നവയിൽ ഏതിനാണ് ഈ പ്രകൃതിയിൽ ഏറ്റവുമധികം സ്പീഷീസുകൾ ഉള്ളത് ?

(a) ആൻജിയോസ്പേം (b) ചെറുപ്രാണികൾ

(c) ഫംഗൈ (d) പക്ഷികൾ

Which of the following have the highest number of species in nature ?

(a) Angiosperms (b) Insects

(c) Fungi (d) Birds

3. തൈറോക്സിന്റെ രൂപീകരണത്തിന്_____ ആവശ്യമാണ്.

(a) കാൽസിയം (b) സോഡിയം (c) അയോഡിൻ (d) പൊട്ടാസ്യം

_____ is required for the formation of thyroxine.

(a) Calcium (b) Sodium (c) Iodine (d) Potassium

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

4. മാംസപേശികൾ രൂപപ്പെടുത്തുന്നത് :

(a) ഓസ്റ്റിയോസൈറ്റ് (b) മയോസൈറ്റ്

(c) ലിംഫോസൈറ്റ് (d) ല്യൂക്കോസൈറ്റ്

Muscles are formed by :

(a) Osteocytes (b) Myocytes

(c) Lymphocytes (d) Leucocytes

5. ക്യൂബോയ്ഡൽ എപ്പിത്തീലിയത്തിന്റെ പ്രധാന ധർമ്മം :

(a) സംരക്ഷണം (b) സ്രവിപ്പിക്കൽ

(c) ആഗിരണം (d) (b) യും (c) യും

The main function of cuboidal epithelium is :

(a) Protection (b) Secretion

(c) Absorption (d) Both (b) and (c)

6. കൊഴുപ്പിന്റെ ദഹനപ്രക്രിയയിലെ ആദ്യ ഘട്ടം :

(a) ലാക്ടീൽസ് ആഗിരണം ചെയ്യുന്നത്

(b) എമൽസിഫിക്കേഷൻ

(c) അഡിപോസ് കലയിൽ സംഭരിക്കുന്നത്

(d) എൻസൈം പ്രവർത്തനം

First step in digestion of fat is :

(a) Absorption by lacteals

(b) Emulsification

(c) Storage in adipose tissue

(d) Enzyme action

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

7. ലാമ്പിറ്റോ മൗറിറ്റീ വിഭാഗത്തിൽ പെട്ട മണ്ണിരയുടെ ശരീരത്തിലെ സുപ്രധാന ഭാഗമായ ക്ലൈറ്റെല്ലം കാണപ്പെടുന്നത് :

(a) ഖണ്ഡങ്ങൾ 12 - 13 (b) ഖണ്ഡങ്ങൾ 13 - 14

(c) ഖണ്ഡങ്ങൾ 14 - 16 (d) ഖണ്ഡങ്ങൾ 14 - 17

The clitellum, a distinct part in the body of earthworm Lampito Mauritii, is found in :

(a) Segments 12 - 13 (b) Segments 13 - 14

(c) Segments 14 - 16 (d) Segments 14 - 17

8. ഹൃദയത്തിന്റെ ഡബ് ശബ്ദത്തിന് കാരണമാകുന്നത് :

(a) സെമി-ലൂണാർ വാൽവുകൾ അടയ്ക്കുന്നത്.

(b) ആട്രിയോ-വെൻട്രിക്കുലർ വാൽവുകൾ അടയ്ക്കുന്നത്.

(c) ആട്രിയോ-വെൻട്രിക്കുലാർ വാൽവുകൾ തുറക്കുന്നത്.

(d) സെമി-ലൂണാർ വാൽവുകൾ തുറക്കുന്നത്.

Dub sound of heart is caused by :

(a) closure of semi-lunar valves.

(b) closure of atrio-ventricular valves.

(c) opening of atrio-ventricular valves.

(d) opening of semi-lunar valves.

വിഭാഗം - 2 / SECTION - 2

കുറിപ്പ് : ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **4x2=8**

Note : Answer **any four** questions.

9. ഷിസോസീലം, എൻടെറോസീലം എന്നിവ താരതമ്യം ചെയ്യുക.

Compare Schizocoelom with enterocoelom.

10. തവളയുടെ രക്തത്തിലെ ഘടകങ്ങൾ എന്തെല്ലാമാണ് ?

What are the components of blood of frog ?

A

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

11. താറാവിന്റെ പ്രത്യേക സവിശേഷത എഴുതുക.

Write the peculiar characters of Duck.

12. സ്പീഷീസ് എന്ന സങ്കല്പവുമായി ബന്ധപ്പെട്ട് ചാൾസ് ഡാർവിന്റെ പങ്ക് എന്താണ് ?

What is the role of Charles Darwin in relation to concept of species ?

13. വ്യത്യസ്ത തരം ശ്വേത രക്താണുക്കളെ പട്ടികപ്പെടുത്തുക.

List out the different types of WBC.

14. ഹോമിയോസ്റ്റേസിസിനെ കുറിച്ച് പ്രതിപാദിക്കുക.

Comment on Homeostasis.

വിഭാഗം - 3 / SECTION - 3

കുറിപ്പ് : **ഏതെങ്കിലും മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ചോദ്യം നമ്പർ **19** ന് **നിർബന്ധമായും** ഉത്തരമെഴുതണം. **3x3=9**

Note : Answer **any three** questions. Question No. **19** is **Compulsory**.

15. ദ്വി ആര സമമിതമായ ജന്തുക്കളുടെ സവിശേഷതകൾ ഉദാഹരണ സഹിതം വിശദീകരിക്കുക.

Describe the characteristic features of bi-radially symmetrical animal with example.

16. തവളയുടെ സാമ്പത്തിക പ്രാധാന്യം എഴുതുക.

Write the economic importance of Frog.

17. മനുഷ്യ വൃക്കയുടെ നെടുകേയുള്ള ഛേദത്തിന്റെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക.

Draw and label the L.S. of Human Kidney.

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

18. (i) നമുക്ക് തെളിഞ്ഞ പ്രകാശത്തിൽ മാത്രമാണ് നിറങ്ങളെ മനസ്സിലാക്കാൻ കഴിയുക. എന്തുകൊണ്ട് ?

(ii) കണ്ണിന്റെ ഏത് ഭാഗത്താണ് പ്രകാശസ്വീകരിണികൾ ഇല്ലാത്തത് ?

(i) We can perceive colours only in bright light. Why ?

(ii) Which region of the eye is devoid of Photoreceptors ?

19. ''തൈമസ് ഗ്രന്ഥി, ഒരു എൻഡോക്രൈൻ ഗ്രന്ഥിയായിട്ടും ഒരു ലിംഫോയ്ഡ് ഓർഗൻ ആയിട്ടും പ്രവർത്തിക്കുന്നു.'' കാരണം വിശദമാക്കുക.

"Thymus gland act as Endocrine gland as well as Lymphoid organ". Give reasons.

വിഭാഗം - 4 / SECTION - 4

കുറിപ്പ് : **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **2x5=10**

Note : Answer **all** the questions.

20. (a) പിത്തരസം സ്രവിപ്പിക്കുന്നത് കൂടാതെയുള്ള കരളിന്റെ ധർമ്മങ്ങൾ എഴുതുക.

അല്ലെങ്കിൽ

(b) കന്നുകാലി വളർത്തലിൽ സ്വീകരിച്ചിട്ടുള്ള വിവിധ തരം സങ്കേതങ്ങൾ വിശദീകരിക്കുക.

(a) Write the functions of liver apart from bile secretion.

OR

(b) Discuss the various techniques adopted in cattle breeding.

21. (a) മനുഷ്യരിലെ ശ്വസനത്തിന്റെ മെക്കാനിസം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) വൃത്തിയായ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തി കോർഡേറ്റുകളുടെ ഏറ്റവും അടിസ്ഥാനപരമായ മൂന്ന് പ്രത്യേക സവിശേഷതകൾ ചുരുക്കി വിവരിക്കുക.

(a) Explain the mechanism of breathing in Human.

OR

(b) Briefly explain the three fundamental distinct features of chordates with a neat labelled diagram.

- o 0 o -

TN Kalvi Online · tnkalvi.online/question-papers/class-11-biology-public-may-2022-mal-eng-set-a · Source: DGE TN
Share your study materials with us: tnkalvi.online/share